**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4417** | **01-07-2024 - ൽ മറുപടിയ്ക്ക്**

**നൂതന വ്യവസായങ്ങളുടെ സമഗ്ര പുരോഗതി**

| **ചോദ്യം** | | **ഉത്തരം** | |
| --- | --- | --- | --- |
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നൂതന വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുന്നതിനു നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നിക്ഷേപത്തിനും സംരംഭകത്വത്തിനും അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ വാണിജ്യ മേഖലയിൽ സംസ്ഥാന സർക്കാർ പുതിയതായി ആവിഷ്കരിച്ചുവരുന്ന നയങ്ങളും പദ്ധതികളും അടിസ്ഥാനമാക്കി വ്യവസായ സംരംഭകത്വത്തിന് ഊന്നൽ നൽകുന്ന രീതിയിൽ പുറപ്പെടുവിച്ച പുതിയ നിയമ നിർമ്മാണങ്ങളും നിയമ ഭേദഗതികളും മുൻനിർത്തിയും കേരളത്തെ പരിസ്ഥിതി സൗഹൃദ രീതിയിൽ ശക്തമായ നിക്ഷേപ സംസ്ഥാനമാക്കി മാറ്റുന്നതിനും സംയോജിത നടപടികളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് സമഗ്രമായ വ്യവസായ നയം ആവിഷ്കരിച്ചിട്ടുള്ളത്. പരിവർത്തന കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് കഴിയുന്ന തരത്തിൽ സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം സജ്ജമാക്കുന്നതിനും നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിക്കുന്നതിനും നവീന ആശയങ്ങൾ വളർത്തുന്നതിനും തദ്വാര സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായകരമായ രീതിയിൽ 7 സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു വയ്ക്കുന്ന രീതിയിൽ ആണ് കേരള വ്യവസായ നയം 2023 അംഗീകരിച്ച് ഉത്തരവായിട്ടുള്ളത്.<br><br>പരിസ്ഥിതി–സാമൂഹികം–ഭരണം, അഥവാ ഇ.എസ്.ജി തത്വങ്ങളിലൂന്നിയ നിക്ഷേപങ്ങൾക്കുള്ള ഹബ്ബ് ആയി കേരളത്തെ മാറ്റുക എന്നത് പുതിയ വ്യവസായ നയത്തിന്റെ ഒരു ലക്ഷ്യമാണ്. ഇ.എസ്.ജി നിക്ഷേപങ്ങളുടെ പ്രാധാന്യം സംസ്ഥാനം തിരിച്ചറിയുകയും അതിലധിഷ്ഠിതമായ |

| | | | |
|---|---|---|---|
| | | | ഉത്തരവാദിത്തനിക്ഷേപങ്ങളെ സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്യും. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഇ.എസ്.ജി റേറ്റിംഗിനെ അടിസ്ഥാനമാക്കിയുള്ള നവീകരണവും ഹരിത വളർച്ചയും ആവിഷ്കരിക്കുന്നതിന്, പ്രകടനത്തെ അടിസ്ഥാനമാക്കി വായ്പകളും പ്രോത്സാഹനങ്ങളും നൽകുന്നതിന് പുതിയ വ്യവസായ നയം വിഭാവനം ചെയ്യുന്നു. |
| (ബി) | മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണ മേഖലയിൽ നേടിയെടുത്ത പുരോഗതി വിശമാക്കുമോ; | (ബി) | കോവിഡിന് ശേഷമുള്ള കാലഘട്ടത്തിൽ, ആരോഗ്യത്തിനും ആരോഗ്യ സംരക്ഷണത്തിനും മുൻഗണന നൽകുന്ന സംസ്ഥാനമെന്ന നിലയിൽ വിനോദസഞ്ചാരികളെയും മറ്റു പ്രൊഫഷണലുകളെയും ആകർഷിക്കുന്നതിന് കേരളം മുൻഗണന നൽകുന്നുണ്ട്. മെഡിക്കൽ ഉപകരണങ്ങളുടെ മേഖലയിലും ഗവേഷണത്തിലും നിർമ്മാണത്തിലും കേരളത്തിന് വലിയ സാധ്യതകളുണ്ട്. മെഡിക്കൽ ഉപകരണങ്ങളുടെ മേഖലയിൽ രാജ്യത്തെ മുൻനിര ഗവേഷണ കേന്ദ്രമാണ് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം. മെഡിക്കൽ ഉപകരണ വ്യവസായത്തിൽ, ബ്ലഡ് ബാഗുകൾ നിർമ്മിക്കുന്ന പെനിൻസുല പോളിമർ ലിമിറ്റഡും എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡും വളരെ കാലങ്ങൾക്ക് മുൻപ് കേരളത്തിൽ തുടങ്ങിയ സ്ഥാപനങ്ങളാണ്. പെനിൻസുല പോളിമർ ലിമിറ്റഡ് 1987-ൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ നിന്ന് ലഭിച്ച സാങ്കേതികവിദ്യ ഉപയോഗിച്ച് ബ്ലഡ് ബാഗുകളുടെ ഉത്പാദനം ആരംഭിച്ചു. പെനിൻസുല പോളിമർ ലിമിറ്റഡിൽ നിന്ന് പരിണമിച്ച ടെറുമോ പെൻപോൾ ഇന്ന് ലോകമെമ്പാടുമുള്ള രക്ത സഞ്ചികളുടെ നിർമ്മാതാക്കളിൽ മുൻനിരയിൽ ഒന്നാണ്. കേരളത്തിലെ നിരവധി സ്ഥാപനങ്ങൾ ഐടി ഉപകരണങ്ങളും ആവശ്യമായ മെഡിക്കൽ ഉപകരണങ്ങളും വികസിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്.<br><br>തോന്നയ്ക്കൽ ലൈഫ് സയൻസസ് പാർക്കിൽ 9 ഏക്കറിലായി മെഡിക്കൽ ഡിവൈസസ് പാർക്ക് ജൂൺ 2025-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. ഇതിനായി 260 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്പാദന മേഖലയിലെ ഉന്നമനത്തിനായി 2 സംരംഭങ്ങൾ ലൈഫ് സയൻസസ് പാർക്കിൽ സ്ഥലം ഏറ്റെടുക്കുകയും, മറ്റു പല ലൈഫ് |

| | | | |
|---|---|---|---|
| | | | സയൻസസ് സംബന്ധിച്ച കമ്പനികളുമായി ചർച്ചകൾ നടന്നു വരികയുമാണ്. |
| (സി) | ഈ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (സി) | കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു.<br><br>വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 22 മുൻഗണന മേഖലകളിൽ ഒന്നാണ് മെഡിക്കൽ ഉപകരണങ്ങൾ. സംസ്ഥാനത്തെ മികച്ച മനുഷ്യശേഷിയും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും മെഡിക്കൽ അനുബന്ധ വ്യവസായത്തിന് അനുയോജ്യമാണ്. താഴെ പറയുന്ന കാര്യങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**അടിസ്ഥാന സൗകര്യം**<br><br>മെഡ്സ് പാർക്കിൽ മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെ രൂപകല്പനയ്ക്കും നിർമ്മാണത്തിനും സൗകര്യമുണ്ടായിരിക്കും. ഇത് പങ്കിട്ട് ഉപയോഗിക്കാൻ കഴിയുന്ന സംവിധാനം ഒരുക്കും.<br><br>അക്കാദമിക-ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ സംരംഭങ്ങൾ. സ്റ്റാർട്ടപ്പുകൾ, ഹെൽത്ത്കെയർ സ്ഥാപനങ്ങൾ, സർക്കാർ എന്നിവയ്ക്കിടയിൽ അറിവ് പങ്കിടുന്ന ഒരു ആവാസവ്യവസ്ഥയെ പരിപോഷിപ്പിച്ചുകൊണ്ട് കേരളത്തിലെ മെഡിക്കൽ ഉപകരണ നിർമ്മാണവും സാങ്കേതികവിദ്യയും ത്വരിതപ്പെടുത്തുന്നതിനായി ഒരു 'മെഡിക്കൽ ടെക് ഇന്നൊവേഷൻ പാർക്ക് കെ.എസ്.ഐ.ഡി.സി യുടെ ബയോ 360 ലൈഫ് സയൻസ്സസ് പാർക്കിൽ സ്ഥാപിക്കും.<br><br>മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഹൈ ടെമ്പറേച്ചർ പ്ലാസ്റ്റിക്, മെഡിക്കൽ ഗ്രേഡ് സിലിക്കൺ റബ്ബർ, മൈക്രോ ഫ്ളൂയിഡ്, മെഡിക്കൽ അല്ലോയ് |

| | | | |
|---|---|---|---|
| | | | ഉടങ്ങിയവ വാങ്ങുന്നതിന് ഓൺലൈൻ സംവിധാനം ഒരുക്കും.<br><br>നിർമ്മിക്കപ്പെടുന്ന മെഡിക്കൽ ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് മെഡ്സ് പാർക്കിൽ സൗകര്യമൊരുക്കും.<br><br>**നിക്ഷേപ പ്രോത്സാഹനം**<br><br>ഇവിടെ നിർമ്മിക്കുന്ന മെഡിക്കൽ ഉപകരണങ്ങളുടെ നിലവാരം ഉറപ്പാക്കുന്നതിന് കരസ്ഥമാക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾക്ക് വേണ്ടിവരുന്ന ചെലവിന്റെ അമ്പത് ശതമാനം തിരികെ നൽകും. ഒറ്റത്തവണ മാത്രം നൽകുന്ന ഈ തുക പരമാവധി 25 ലക്ഷം രൂപയായിരിക്കും.<br><br>**ഗവേഷണവും വികസനവും**<br><br>അക്കാദമിക് സ്ഥാപനങ്ങളും മെഡിക്കൽ അനുബന്ധ ഉപകരണ നിർമ്മാണരംഗത്തെ വ്യവസായങ്ങളും തമ്മിൽ നടത്തുന്ന ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രത്യേക ഫണ്ട് നീക്കിവയ്ക്കും. മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുകയും നിലവാര സർട്ടിഫിക്കറ്റ് നേടാൻ സഹായിക്കുകയും മെഡിക്കൽ ഉപകരണങ്ങളുടെ സുരക്ഷാ പരിശോധന നടത്തുകയും ചെയ്യുന്ന അക്കാദമിക് സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും ഇതിന് വേണ്ടി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും.<br><br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ നേടുന്നതിന് ഈടായി ബൗദ്ധിക സ്വത്തവകാശ രേഖ സമർപ്പിക്കാവുന്നതാണ്. ഇതിനായി പ്രത്യേക മാർഗരേഖ പുറത്തിറക്കും. |
| (ഡി) | നൂതന വ്യവസായങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്വ നിക്ഷേപങ്ങളേയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക, സാമൂഹിക, ഭരണ ഘടകങ്ങളിൽ ലോകോത്തര |

നിലവാരത്തിനനുസരിച്ച് വേണ്ട മാറ്റങ്ങൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുക, ഉൽപ്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് പുതിയ വ്യവസായ നയത്തിൽ പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്.

ഏവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന ആരോഗ്യകരമായ സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് വ്യവസായ നയത്തിന്റെ ലക്ഷ്യമാണ്. ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള ഇൻകുബേറ്റർ, ധനസഹായം, എളുപ്പത്തിലുള്ള വായ്പാ ലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായ കേന്ദ്രങ്ങൾ എന്നിവ വഴി സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ വ്യവസായ വകുപ്പ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള വ്യവസായ നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നു.

i. സംരംഭകത്വ സഹായക സംവിധാനം

നവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭക സംസ്കാരം വളർത്തുന്നതിനും സംരംഭകർക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്.

a. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി ആവിഷ്കരിക്കും. ഓരോ ജില്ലയിലും സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നത് വഴി തൊഴിലവസരങ്ങൾ വർധിപ്പിക്കും. ശേഷി വികസനവും സഹായക പദ്ധതികളും സാങ്കേതിക വിദ്യയും അറിവും പങ്ക് വയ്ക്കുന്നതും സാങ്കേതിക സഹായവും ധന സഹായവും ഇതിന്റെ ഭാഗമായി ഉണ്ടാകും.

b. സംരംഭകർക്ക് മാർഗ്ഗ നിർദേശങ്ങൾ നൽകുന്ന മെന്റർഷിപ്പ് സംവിധാനം സർക്കാർ ഏജൻസികൾ വഴിയും ഇൻക്യുബേഷൻ സെന്ററുകൾ വഴിയും നടപ്പാക്കും.

c. സംരംഭകർക്കായി പുതുതലമുറ പദ്ധതികൾ ആവിഷ്കരിക്കുകയും സംസ്ഥാന സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് (KIED) മുഖേന കോളേജുകളിൽ സംരംഭകത്വ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്യും.

d. സംസ്ഥാനത്ത് എങ്ങനെ ഒരു സംരംഭം തുടങ്ങാമെന്നത് സംബന്ധിച്ച് ലളിതമായി വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും സംശയ നിവാരണ സംവിധാനവും വികസിപ്പിക്കും.

e. എല്ലാ മേഖലയിലും പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിനായുള്ള സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കും.

ii. സംരംഭക ധന സഹായം

സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും സംരംഭക സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിന് ധനസഹായം പരമപ്രധാനമാണ്.

a. നിലവിലുള്ള ധനസഹായ പദ്ധതികളും സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (KSIDC) സീഡ് ഫണ്ട് പദ്ധതിയും ഐ.ടി ഇതര വ്യവസായങ്ങളെക്കൂടി മുന്നിൽ കണ്ട് വിപുലമാക്കും.

b. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള ഇക്വിറ്റി ഫണ്ടുകൾ ആരംഭിക്കും.

c. സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുമായി ഗവേഷണത്തിനും വികസനത്തിനും ഉൾപ്പെടെ കേരള ബാങ്ക്, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.എസ്.എഫ്.ഇ എന്നിവർ സംയുക്തമായി പ്രതിവർഷം 200 കോടി രൂപയുടെ വെഞ്ചർ ക്യാപിറ്റൽ ഫണ്ട് രൂപീകരിക്കും.

d. സംസ്ഥാന സംരംഭങ്ങളുടെ ആഗോള വിപണി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിലേക്കായി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകും.

e. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആശയ പ്രോത്സാഹന പരിപാടി (Innovation acceleration) ഊർജ്ജിതമാക്കും.

f. ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

iii. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഡിജിറ്റലൈസേഷൻ

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ഡിജിറ്റൽവൽക്കരിക്കുകയും സാങ്കേതിക മികവ് നേടുകയും ചെയ്യുന്നതിലൂടെ ഉൽപ്പാദന ചെലവ് കുറയുകയും വിഭവ വിനിയോഗം കുറയുകയും

ഊർജ്ജക്ഷമത വർദ്ധിക്കുകയും ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമത വർദ്ധിക്കുകയും ചെയ്യും.

a. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സാങ്കേതിക ക്ഷമതയും ഡിജിറ്റൽവൽക്കരണവും.

b. എം.എസ്.എം.ഇ കളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ വ്യവസായങ്ങളുടെ വളർച്ച സുഗമമാക്കുന്നതിനും ക്ലസ്റ്റർ/മേഖല അടിസ്ഥാന സാങ്കേതിക കേന്ദ്രങ്ങൾ ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയവ വികസിപ്പിക്കും.

c. ഗവേഷണ വികസന (ആർ&ഡി) പ്രവർത്തനങ്ങളുടെ ചെലവ് കുറച്ചുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്റ്റാർട്ടപ്പുകളിലും എം.എസ്.എം.ഇ കളും ഔട്ട് സോഴ്സ് ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കും.

നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ നയം ലക്ഷ്യമിടുന്നു. വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ചുവടെ നൽകിയിരിക്കുന്ന ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ആവശ്യമാണ്;

1. സംരംഭകത്വ പ്രോത്സാഹനം.

2. അടിസ്ഥാന സൗകര്യമൊരുക്കൽ.

3. ഹൈടെക് സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റം.

4. നൈപുണ്യ വികസനം.

5. വ്യവസായ സൗഹൃദ അന്തരീക്ഷം.

6. കേരളം എന്ന ബ്രാൻഡിനെ വളർത്തുക.

7. മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവത്കരണം:-

അതിവേഗ വളർച്ചയുള്ള 'സൺറൈസ്' സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് പുതിയ വ്യവസായ വാണിജ്യ നയത്തിൽ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. അപ്രകാരം, 'സൺറൈസ്'/ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങൾക്ക് വിഭാവനം ചെയ്തിരിക്കുന്ന സാമ്പത്തിക പ്രോത്സാഹനങ്ങൾ ഇവയാണ്;

1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക (4%) വായ്പകൾ ലഭ്യമാക്കൽ;

2. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂലധന സബ്സിഡി ലഭ്യമാക്കൽ;

3. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് 5 വർഷത്തേയ്ക്ക് 100% വൈദ്യുതി ഡ്യൂട്ടി ഒഴിവാക്കൽ;

4. എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് പരമ്പരാഗത രീതിയിലുള്ള ധനസമാഹരണത്തിന് പുറമെ ഓഹരി വിപണനത്തിലൂടെ ധനസമാഹരണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, അത്തരം നടപടിക്രമങ്ങൾക്ക് ചിലവാകുന്ന തുകയുടെ 50% തുക, പരമാവധി 1 കോടി രൂപയിൽ കവിയാതെ തിരികെ നൽകുന്നതിനുള്ള ശുപാർശ;

5. വൻകിട, മെഗാ സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% നിക്ഷേപ സബ്സിഡി (പരമാവധി 10 കോടി രൂപ വരെ) ഘട്ടം ഘട്ടമായി അനുവദിക്കുക;

6. വൻകിട, മെഗാ സംരംഭങ്ങൾക്ക് 5 വർഷത്തേക്ക് മൂലധന നിക്ഷേപത്തിന് 100% സംസ്ഥാന ജി.എസ്.ടി റീഇംബേഴ്സ്മെന്റ്;

7. വൻകിട, മെഗാ സംരംഭങ്ങൾക്ക് തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം;

8. സർക്കാർ വ്യവസായ പാർക്കുകളിലും, അംഗീകൃത സ്വകാര്യ വ്യവസായ പാർക്കുകളിലും നിർമ്മാണ വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുകയോ പാട്ടത്തിന് എടുക്കുകയോ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള പ്രോത്സാഹനം; സ്ത്രീ സംരംഭകർക്കും, പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള സംരംഭകർക്കും സംസ്ഥാനത്തിന്റെ ഏത് ഭാഗത്തും നിർമ്മാണ വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുകയോ പാട്ടത്തിന് എടുക്കുകയോ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള പ്രോത്സാഹനം.

9. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി രൂപ വരെ ധനസഹായം;

10. എല്ലാ വിഭാഗം സംരംഭങ്ങൾക്കും വ്യാപാരമേളകളിൽ പങ്കെടുക്കുന്നതിനുള്ള

| | | | |
|---|---|---|---|
| | | | പ്രോത്സാഹനങ്ങൾ.<br><br>11. ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ,<br><br>12. ഗുണനിലവാര സർട്ടിഫിക്കേഷൻ എടുക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ<br><br>13. സുസ്ഥിരതയ്ക്കും ഉത്തരവാദിത്ത വ്യവസായ വൽക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ;<br><br>14. ഉത്പാദനമേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്കുള്ള പ്രോത്സാഹനം;<br><br>15. സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ഗവേഷണവികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾക്കായി ഗവേഷണവികസന പ്രോത്സാഹനം;<br><br>16. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് കെ.എസ്.ഐ.ഡി.സിയിലൂടെ ഒരു കോടി രൂപവരെയുള്ള സ്കെയിൽഅപ്പ് വായ്പകൾ ലഭ്യമാക്കൽ;<br><br>17. 'മെയ്ഡ് ഇൻ കേരള' സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ചെലവായ തുകയുടെ 50% റീഇംബേഴ്സ്മെൻറ് നൽകൽ;<br><br>18. PLI നിക്ഷേപകരെ ആകർഷിക്കുന്നതിന് പ്രത്യേക പാക്കേജ്. |

സെക്ഷൻ ഓഫീസർ